ജില്ല	ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ എണ്ണം
1	2
തിരുവനന്തപുരം	5
കൊല്ലം	11
പത്തനംതിട്ട	1
കോട്ടയം	1
ഇടുക്കി	56
തൃശ്ശൂർ	20
പാലക്കാട്	40
മലപ്പുറം	7
വയനാട്	15
കണ്ണൂർ	3
ആകെ	159

(സി) വിവിധ ബഡ്ജറ്റ് ശീർഷകങ്ങളായ സർവ്വേ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ്, ഫോറസ്റ്റ് പ്രൊട്ടക്ഷൻ, റീജനറേഷൻ ഓഫ് ഡെഗ്രേഡഡ് ഫോറസ്റ്റ് വഴിയും, കേന്ദ്രാവിഷ്കൃത സ്കീമുകളിലൂടെ ലഭ്യമായ ഫണ്ടുകൾ വഴിയും വനം സംരക്ഷിക്കുന്നതിന് തുക വിനിയോഗിച്ചുവരുന്നു. വനസംരക്ഷണത്തിനായി മേൽപ്പറഞ്ഞ ശീർഷകങ്ങളിലായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം ഏകദേശം 8,523.792 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പുനലൂർ വനം ഡിവിഷൻ പരിധിയിലെ മരങ്ങൾ മുറിക്കുന്നതിന് അനുമതി

249 (1993) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ വനം ഡിവിഷൻ പരിധിയിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരം മുറിക്കുന്നതിന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും സെക്ഷൻ ഏതാണെന്നും, വ്യക്തമാക്കാമോ;

(ബി) 2011 ഏപ്രിൽ മുതൽ ഇതുവരെ പുനലൂർ വനം ഡിവിഷന്റെ പരിധിയിൽ ഉള്ള സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിന്മേൽ തീരുമാന മെടുത്തിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത അപേക്ഷകൾ ലഭിച്ച തീയതിയും, അനുമതിക്കായി കമ്മിറ്റി കൂടിയ തീയതിയും, ഓരോ അപേക്ഷകളിന്മേലും തീരുമാനമെടുത്ത തീയതിയും വ്യക്തമാക്കാമോ;

(ഡി) മരം മുറിക്കുന്നതിന് അനുമതി ചോദിച്ച് കൊണ്ട് നൽകുന്ന അപേക്ഷകളിന്മേൽ എത്ര ദിവസത്തിനകം മറുപടി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പുനലൂർ വനം ഡിവിഷന് കീഴിൽ അനുമതി ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടിയെടുക്കുന്നതിന് കാലതാമസം വരുന്നതായി വ്യാപക പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഏതുതരം അച്ചടക്ക നടപടിയാണ് സ്വീകരിക്കാറുള്ളതെന്നും, പ്രസ്തുത വനം ഡിവിഷനിൽ ഇക്കാര്യത്തിനായി ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുസ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കൺവീനറും അതാത് പഞ്ചായത്ത് പ്രസിഡന്റുമാർ മെമ്പർമാരുമായിട്ടുള്ള ട്രീ കമ്മിറ്റിയാണ്.

(ബി) 2011 ഏപ്രിൽ മുതൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങളിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് 557 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 494 അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുള്ളതും ബാക്കി 63 അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുമുള്ളതുമാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ട്രീ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം കമ്മിറ്റി കൺവീനറായ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ട്രീ കമ്മിറ്റി ചെയർമാനുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ സ്ഥല പരിശോധനയ്ക്കായി തീയതി നിശ്ചയിക്കുന്നതാണെന്നും പരിശോധന നടന്ന തീയതി മുതൽ 7 ദിവസത്തിനകം അപേക്ഷകനെ കമ്മിറ്റി തീരുമാനം അറിയിക്കുന്നതാണെന്നും പ്രതിപാദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ഉത്തരം 'ഇ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

മരങ്ങൾ കടത്തുന്നത് തടയാൻ നടപടി

250 (1994) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ മുറിച്ച് കടത്തുന്നത് തടയാൻ എന്തൊക്കെ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരങ്ങളുടെ വിവരശേഖരണം നടത്തി എണ്ണം തിട്ടപ്പെടുത്തി നമ്പറിട്ട് സൂക്ഷിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിലപിടിപ്പുള്ള ചന്ദനം, വീട്ടി തുടങ്ങിയവയുടെ വിവരശേഖരണവും ആധുനിക ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്തിയുള്ള സംരക്ഷണ നടപടികളും ഊർജ്ജിതമാക്കുമോ?

ഉത്തരം

(എ) വനംവകുപ്പ് ജീവനക്കാരെയും, റിസർവ് ഫോറസ്റ്റ് വാച്ചർമാരെയും, ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക വാച്ചർമാരെയും ഡ്യൂട്ടിക്ക് നിയോഗിച്ചും, രാത്രികാല പട്രോളിംഗ് നടത്തിയും, മരം മുറിച്ച് കടത്തുന്നത് തടഞ്ഞുവരുന്നു. കൂടാതെ മറയൂർ ചന്ദന റിസർവ്വിന് ചുറ്റും ഫെൻസിംഗ്, സോളാർ ഫെൻസിംഗ്, എന്നിവ സ്ഥാപിച്ചും ജീവനക്കാർക്ക് തോക്ക്, റൈഫിൾ എന്നീ ആയുധങ്ങൾ നൽകിയും, വയർലെസ്സ് സംവിധാനം ഏർപ്പെടുത്തിയും, ക്യാമറകൾ സ്ഥാപിച്ചും മരം മുറിച്ച് കടത്തുന്നത് തടയുന്നു.

(ബി) മറയൂർ ഡിവിഷനിൽ ചന്ദനമരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ചന്ദനമരങ്ങൾക്ക് നമ്പർ നൽകി സൂക്ഷിച്ചുവരുന്നു.

(സി) നിലവിൽ 30 സെന്റീമീറ്ററിൽ കൂടുതൽ നെഞ്ചളവുള്ള ചന്ദനമരങ്ങളുടെ നമ്പരിട്ട് വിവരശേഖരണം നടത്തിവരുന്നു. ഇലക്ട്രോണിക് സംവിധാനങ്ങളിൽ ക്യാമറകൾ, വാക്കിടോക്കികൾ എന്നിവ വനസംരക്ഷണത്തിനായി നിലവിൽ ഉപയോഗിച്ചുവരുന്നു. 'ഇലക്ട്രോണിക് ഐ' പോലെയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly